മലയാള മനോരമ

04 February 2022




കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം ആസ്ഥാനം

# പ്ലാറ്റിനം ജൂബിലി നിറവിൽ സിഎംഎഫ്ആർഐ

കൊച്ചി● ആഴക്കടലിന്റെ അറിവുകൾ തേടിയുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) യാത്രയ്ക്ക് 75 വയസ്സ്. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീളുന്ന പരിപാടികൾക്കു തുടക്കമായി.

രാജ്യത്തു പിടിച്ചെടുക്കുന്ന സമുദ്ര മത്സ്യങ്ങളുടെ കണക്കെടുപ്പും മൂല്യനിർണയവും കടലിൽ നിന്നുള്ള ഔഷധ നിർമാണവും ഉൾപ്പെടെ ഗവേഷണ മേഖലയിൽ മുന്നിട്ടു നിൽക്കുന്ന സ്ഥാപനമാണു സിഎംഎഫ്ആർഐ. 1947 ഫെബ്രുവരി 3നു മദ്രാസ് യൂണിവേഴ്സിറ്റിക്കു കീഴിൽ ചെന്നൈയിൽ മറൈൻ ഫിഷറീസ് റിസർച് സ്റ്റേഷൻ എന്ന പേരിലായിരുന്നു തുടക്കം.

സ്ഥാപക ദിനാഘോഷ ചടങ്ങ് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന ഉദ്ഘാടനം ചെയ്തു. നാടിന്റെ ആവശ്യമനുസരിച്ച് ഗവേഷണത്തിന്റെ മുൻഗണനകളിൽ മാറ്റം വരുത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബദൽ ഉപജീവന മാർഗങ്ങളായ കടൽപായൽ കൃഷി, സമുദ്ര അലങ്കാര മത്സ്യക്കൃഷി തുടങ്ങി സമുദ്രജല കൃഷി രീതികൾക്കു കേന്ദ്രം ഊന്നൽ നൽകുന്നുണ്ട്. തീരദേശവാസികൾക്കു വരുമാന വർധനയും രാജ്യത്തിനു മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും ഉറപ്പാക്കാൻ ഇതു സഹായകമാണെന്ന് അദ്ദേഹം പറഞ്ഞു.

## ഒരു വർഷത്തെ വാർഷികാഘോഷങ്ങൾക്കു തുടക്കം

സമുദ്ര മേഖലയിലെ മാറ്റങ്ങൾക്ക് അനുസൃതമായി കാലാവസ്ഥാ വ്യതിയാന പഠനങ്ങൾക്കും മറ്റും സിഎംഎഫ്ആർഐ ഊന്നൽ നൽകുമെന്നു ചടങ്ങിൽ അധ്യക്ഷനായ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഒരു വർഷത്തെ വാർഷികാഘോഷങ്ങളുടെ ലോഗോയും തീം സോങ്ങും ചടങ്ങിൽ പ്രകാശനം ചെയ്തു. ഡോ. മിറിയം പോൾ ശ്രീറാം പ്രസംഗിച്ചു.